Mathrubhumi
മാതൃഭൂമി

16.03.2020

# ഗ്രീൻ സ്കിൽ പരിശീലനം സമാപിച്ചു

**കോയമ്പത്തൂർ** ▸ 'ഉന്നത ഗുണനിലവാരമുള്ള നടീൽവസ്തുക്കളുടെ ഉത്പാദനം' എന്ന വിഷയത്തിൽ കോയമ്പത്തൂരിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫോറസ്റ്റ് ജനിറ്റിക്സ് ആൻഡ് ട്രീ ബ്രീഡിങ്ങിലെ എൻ.വി.എസ്. കേന്ദ്രത്തിൽ ഒരുമാസമായി നടന്നുവന്ന ഗ്രീൻ സ്കിൽ പരിശീലനം സമാപിച്ചു.

പത്താം ക്ലാസ് വരെ പഠിച്ച തൊഴിൽരഹിതർക്ക് സ്വയംതൊഴിൽ കണ്ടെത്താനും അംഗീകൃത നഴ്സറികളിൽ ജോലിക്ക് മുൻഗണന ലഭിക്കുന്നതിനും സാധ്യമാക്കുന്ന തരത്തിലാണ് ഗ്രീൻസ്കിൽ പരിശീലനം.

പരിശീലനം പൂർത്തിയാക്കിയവർക്ക് ഡയറക്ടർ ഡോ. എസ്. മുരുകേശൻ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ സർട്ടിഫിക്കറ്റുകൾ നൽകി. നോഡൽ ഓഫീസർ കൂടിയായി പ്രവർത്തിക്കുന്ന സീനിയർ പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. കണ്ണൻ സി.എസ്.വാര്യർ പരിശീലനം നൽകി. കേരളം ഉൾപ്പെടെ വിവിധ സംസ്ഥാനങ്ങളിൽ നിന്നായി 64പേർ വിവിധ വിഷയങ്ങളിൽ പരിശീലനം നേടി.

ടിഷ്യുകൾച്ചർ, മരങ്ങളിലെ കീടരോഗ നിയന്ത്രണം എന്നിവയിലായിരുന്നു പരിശീലനം.